

GOVERNMENT OF KERALA

# 2026-27 ലെ പുതുക്കിയ ബജറ്റിലേക്കുള്ള പൗരന്റെ വഴികാട്ടി

# Citizen's Guide to Revised Budget 2026 -2027

കേരള സർക്കാർ

# 2026-2027 ലെ പുതുക്കിയ ബജറ്റിലേയ്ക്കുള്ള പൗരന്റെ വഴികാട്ടി

# CITIZEN'S GUIDE TO REVISED BUDGET 2026-2027

ധനകാര്യ വകുപ്പ്

# ആമുഖം

ബജറ്റുമായി ബന്ധപ്പെട്ട സങ്കീർണ്ണമായ ധനകാര്യ വിവരങ്ങൾ സാധാരണ പൗരന്മാർക്ക് ലളിതമായി മനസ്സിലാക്കാവുന്ന രീതിയിൽ അവതരിപ്പിക്കുന്നതിനായി, **'ബജറ്റിലേക്കുള്ള പൗരന്റെ വഴികാട്ടി'** എന്ന കൈപുസ്തകം 2025-26 സാമ്പത്തിക വർഷം മുതൽ മാതൃഭാഷയിൽ രൂപകല്പന ചെയ്ത് പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് കണക്കുകളുമായി ഈ കൈപുസ്തകം വീണ്ടും പൊതുജനങ്ങളിലേക്ക് എത്തുകയാണ്.

പൊതുപണം എങ്ങനെ കൈകാര്യം ചെയ്യപ്പെടുന്നുവെന്നും, ലഭ്യമായ വിഭവങ്ങൾ വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായി സർക്കാർ എങ്ങനെ വിനിയോഗിക്കുന്നുവെന്നുമുള്ള ചിത്രമാണ് ഇതിലൂടെ പങ്കുവെക്കുന്നത്. നിലവിലെ സാമ്പത്തിക യാഥാർത്ഥ്യങ്ങൾക്കനുസരിച്ച് സർക്കാരിന്റെ വരുമാന സ്രോതസ്സുകളിലും ചെലവുകളുടെ മുൻഗണനകളിലും വരുത്തിയ പുതുക്കലുകൾ ഇതിൽ ലളിതമായി പ്രതിപാദിച്ചിരിക്കുന്നു. ഇതോടൊപ്പം, സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച, പ്രധാന ധനകാര്യ സംജ്ഞകൾ, ധനകാര്യ സൂചികകൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ എളുപ്പത്തിൽ മനസ്സിലാക്കാനും ഈ കൈപുസ്തകം ഓരോ പൗരനും സഹായകരമാകുന്നു.

**വി.ഡി. സതീശൻ**

**മുഖ്യമന്ത്രി**

തിരുവനന്തപുരം

19.06.2026

| ക്രമ നം. | ഉള്ളടക്കം | പേജ് |
|---|---|---|
| 1 | 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ വിഭാവനം ചെയ്യുന്ന സംസ്ഥാനത്തിന്റെ വരവുകളുടേയും ചെലവുകളുടേയും സ്റ്റേറ്റ്മെന്റ്........................................... | 1-2 |
| 2 | റവന്യൂ വരവ്...................................................................... | 3 |
| 3 | തനത് നികുതി വരവ്.............................................................. | 4 |
| 4 | തനത് നികുതിയേതര വരവ്.................................................... | 5 |
| 5 | കേന്ദ്ര നികുതി വിഹിതവും ധനസഹായവും.............................. | 6-7 |
| 6 | വിവിധ മേഖലകളിൽ വകയിരുത്തിയിരിക്കുന്ന റവന്യൂ ചെലവുകളുടെ വിശദാംശം.......................................................... | 8 |
| 7 | മൂലധന ചെലവുകൾ 2026-27 ലെ പുതുക്കിയ ബജറ്റിൽ............................................................................... | 9 |
| 8 | 2026-27 സാമ്പത്തിക വർഷം വിഭാവനം ചെയ്യുന്ന പുതുക്കിയ വാർഷിക പദ്ധതി ചെലവ്.................................................... | 10 |
| 9 | പുതുക്കിയ സംസ്ഥാന പദ്ധതി 2026-27 ഒറ്റനോട്ടത്തിൽ ............................................................... | 11 |
| 10 | സർക്കാരിന്റെ കണക്കിനങ്ങൾ 2026-27.................................... | 12 |
| 11 | 2026-27 ലെ പുതുക്കിയ ബജറ്റിൽ ഒരു രൂപ എങ്ങനെയാണ് സമാഹരിക്കപ്പെടുന്നതും, ചെലവഴിക്കപ്പെടുന്നതും.................... | 13 |
| 12 | ധന സൂചകങ്ങൾ സംസ്ഥാന മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ ശതമാനത്തിൽ............................................ | 14 |
| 13 | പുതുക്കിയ ബജറ്റ് 2026-27 ഒറ്റനോട്ടത്തിൽ.................................................................. | 15 |
| 14 | പ്രധാനപ്പെട്ട പദ്ധതി - പദ്ധതിയേതര ചെലവുകളിലേക്ക് ഒരു എത്തിനോട്ടം.................................................................... | 16-24 |
| 15 | പദപരിചയം.......................................................................... | 25-26 |
| 16 | റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നിരക്കുകൾ................................... | 27 |
| 17 | വെയ്സ് ആന്റ് മീൻസ് മുൻകൂറുകൾ......................................... | 28-30 |
| 18 | ഇരുപത്തിയഞ്ചാണ്ടുകൾ; അക്കങ്ങളിലൂടെ ഒരു തിരിഞ്ഞു നോട്ടം ........................................................................... | |

# 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ വിഭാവനം ചെയ്യുന്ന സംസ്ഥാനത്തിന്റെ വരവുകളുടേയും ചെലവുകളുടേയും സ്റ്റേറ്റ്മെന്റ്

*(തുക കോടിയിൽ)*

| | | |
|---|---|---|
| I | **സംസ്ഥാനത്തിന്റെ വരവ്** | |
| **എ.** | **ആകെ റവന്യു വരവുകൾ** | **169646.37** |
| i | തനത് നികുതി വരവ് | 99002.47 |
| ii | തനത് നികുതിയേതര വരവ് | 21355.77 |
| iii | കേന്ദ്ര നികുതി വിഹിതം | 37355.39 |
| iv | കേന്ദ്ര ധന സഹായം | 11932.74 |
| **ബി.** | **കടബാധ്യത സൃഷ്ടിക്കാത്ത മൂലധന വരവുകൾ** | **1515.53** |
| i | വായ്പകളുടെ വസൂലാക്കൽ | 1449.23 |
| ii | മറ്റ് മൂലധന വരവുകൾ | 66.30 |
| **സി.** | **കടമെടുപ്പും മറ്റ് ബാധ്യതകളും ഉൾപ്പെടുന്ന മൂലധന വരവുകൾ** | **56405.36** |
| i | പൊതു കടം(തനി) | 52364.13 |
| ii | പൊതു കണക്ക് (തനി) | 4000.00 |
| iii | ഡ്രാ ഡൗൺ ക്യാഷ് ബാലൻസ് | 41.23 |
| **ഡി. [എ+ബി+സി]** | **ആകെ വരവ്** | **227567.26** |
| II | **സംസ്ഥാനത്തിന്റെ ചെലവ്** | |
| **ഇ.** | **ആകെ പദ്ധതിയേതര ചെലവുകൾ** | **198254.40** |
| i | റവന്യു | 185251.99 |
| ii | മൂലധനം | 10830.76 |
| iii | വായ്പകളും മുൻകൂറുകളും | 2171.65 |
| **എഫ്.** | **ആകെ പദ്ധതി ചെലവുകൾ** | **29312.86** |
| i | റവന്യു | 19749.68 |
| ii | മൂലധനം | 8886.95 |
| iii | വായ്പകളും മുൻകൂറുകളും | 676.23 |
| **ജി. [ഇ(i)+എഫ്(i)]** | **ആകെ റവന്യു ചെലവുകൾ** | **205001.67** |
| **എച്ച്.** | **മൂലധന സ്വഭാവമുള്ള റവന്യു ചെലവ്** | **7806.26** |
| **ഐ. [ഇ(ii)+എഫ്(ii)]** | **ആകെ മൂലധന അടങ്കൽ** | **19717.71** |
| **ജെ. [ഇ(iii)+എഫ്(iii)]** | **ആകെ വായ്പകളും മുൻകൂറുകളും** | **2847.88** |
| **കെ. [ഐ+ജെ]** | **ആകെ മൂലധന ചെലവ്** | **22565.59** |
| **എൽ. [എച്ച്+കെ]** | **യഥാർത്ഥ മൂലധന ചെലവ്** | **30371.85** |
| **എം. [ജി+ഐ+ജെ]** | **ആകെ ചെലവ്** | **227567.26** |
| **എൻ. [ജി-എ]** | **റവന്യു കമ്മി** | **35355.30** |
| **ഒ. [എൻ-എച്ച്]** | **യഥാർത്ഥ റവന്യു കമ്മി** | **27549.04** |
| **പി. [എം-(എ+ബി)]** | **ധന കമ്മി** | **56405.36** |

**2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ വിഭാവനം ചെയ്യുന്ന റവന്യു വരവും റവന്യു ചെലവും തമ്മിലുള്ള താരതമ്യം**




റവന്യു വരവും റവന്യു ചെലവും തമ്മിലുള്ള അന്തരമാണ് റവന്യു കമ്മി.

**2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ വിഭാവനം ചെയ്യുന്ന ആകെ കട ബാധ്യത സൃഷ്ടിക്കാത്ത വരവും ആകെ ചെലവും തമ്മിലുള്ള താരതമ്യം**




ആകെ ചെലവും ആകെ കടബാധ്യത സൃഷ്ടിക്കാത്ത വരവുകളും തമ്മിലുള്ള അന്തരമാണ് ധന കമ്മി. സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരവുകളും, കേന്ദ്ര സർക്കാരിൽ നിന്നുള്ള നികുതി വിഹിതവും സഹായ ധനവും, സർക്കാർ വിവിധ സ്ഥാപനങ്ങൾക്ക് നൽകുന്ന വായ്പകളുടെ വസൂലാക്കലും, തിരിച്ചടയ്ക്കേണ്ടതല്ലാത്ത മറ്റ് വരവുകളും ചേരുന്നതാണ് ആകെ കടബാധ്യത സൃഷ്ടിക്കാത്ത വരവുകൾ.

# റവന്യു വരവ്

സംസ്ഥാന സർക്കാരിന്റെ തനത് നികുതി-നികുതിയേതര വരവും, കേന്ദ്ര സർക്കാരിൽ നിന്നുള്ള നികുതി വിഹിതവും സഹായ-ധനവും ഉൾപ്പെടുന്നതാണ് സംസ്ഥാന സർക്കാരിന്റെ ആകെ റവന്യു വരവ്.

## സംസ്ഥാന റവന്യു വരവിന്റെ ഇനങ്ങൾ 2026-27 ലെ പുതുക്കിയ ബജറ്റിൽ




## സംസ്ഥാന റവന്യു വരവിന്റെ വളർച്ച



# തനത് നികുതി വരവ്

സംസ്ഥാന സർക്കാരിന്റെ റവന്യു വരവിന്റെ വലിയൊരു ഭാഗം സംസ്ഥാനത്തിന്റെ തനത് നികുതി വരവാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരവിൽ സിംഹ ഭാഗവും ചരക്ക് സേവന നികുതി, വില്പന നികുതി എന്നിവയിൽ നിന്നുള്ളതാണ്. കൂടാതെ വാഹന നികുതി, മുദ്ര പത്രങ്ങളും രജിസ്ട്രേഷൻ ഫീസും, സംസ്ഥാന എക്സൈസ്, വിദ്യുച്ഛക്തിയിന്മേലുള്ള നികുതികളും തീരുവകളും, ഭൂനികുതി മുതലായവയും സംസ്ഥാനത്തിന്റെ തനത് നികുതി വരവിന്റെ ഭാഗമാണ്.

## 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ പ്രതീക്ഷിക്കുന്ന സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം




## സംസ്ഥാനത്തിന്റെ തനത് നികുതി വരവിന്റെ വളർച്ച



# തനത് നികുതിയേതര വരവ്

സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരവിന്റെ മുഖ്യ സ്രോതസ്സാണ് സംസ്ഥാന ഭാഗ്യക്കുറികളിൽ നിന്നുള്ള വരവ്. പലിശ വരവിനങ്ങൾ, ലാഭവും ലാഭ വിഹിതവും, വനവിഭവങ്ങളിൽ നിന്നുള്ള വരവ്, സാമൂഹിക സേവന മേഖലകളായ വിദ്യാഭ്യാസം, ആരോഗ്യം മുതലായവയിൽ നിന്നും ലഭിക്കുന്ന ഫീസ്, പിഴ എന്നിവയാണ് മറ്റ് പ്രധാന നികുതിയേതര വരവിന്റെ സ്രോതസ്സുകൾ.

## 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ പ്രതീക്ഷിക്കുന്ന സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരവിന്റെ ഘടകങ്ങൾ

| | നികുതിയേതര ഇനം | | തുക കോടിയിൽ |
|---|---|---|---|
| A | **സംസ്ഥാന ഭാഗ്യക്കുറിയുടെ ആകെ വരവിനെ അടിസ്ഥാനമാക്കി** | | |
| i | | സംസ്ഥാന ഭാഗ്യക്കുറി | 16215.50 |
| ii | | ഇരുമ്പേതര ഖനനവും ധാതു വ്യവസായവും | 763.40 |
| iii | | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 442.90 |
| iv | | വനവൽക്കരണവും വന്യജീവി സംരക്ഷണവും | 384.49 |
| v | | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം | 330.52 |
| vi | | പോലീസ് | 348.53 |
| vii | % | പലിശ വരവിനങ്ങൾ | 252.38 |
| viii | | ലാഭവും ലാഭവിഹിതവും | 258.52 |
| ix | | മറ്റുള്ളവ | 2359.53 |
| B | **ആകെ നികുതിയേതര വരുമാനം** | | **21355.77** |
| C | **സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള തനി വരവ്** | | **2485.17** |
| [B-A(i)+C] | **സംസ്ഥാന ഭാഗ്യക്കുറിയുടെ തനി വരവിന്റെ അടിസ്ഥാനത്തിലുള്ള ആകെ നികുതിയേതര വരുമാനം** | | **7625.44** |

## സംസ്ഥാന നികുതിയേതര വരവിന്റെ വളർച്ച




കുറിപ്പ് : സംസ്ഥാന ഭാഗ്യക്കുറിയുടെ തനി വരവെന്നത് ഭരണപരമായ ചെലവുകൾ ,ഏജന്റ് കമ്മീഷൻ, സമ്മാനത്തുക,കാരുണ്യ ഫണ്ടിലേയ്ക്ക് മാറ്റുന്ന തുക ,വിൽപന ചെലവുകൾ എന്നിവ കിഴിച്ചുള്ള വരവാണ്.

# കേന്ദ്ര നികുതി വിഹിതവും ധനസഹായവും

ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യുന്ന നികുതി വിഹിതവും ഗ്രാന്റ്-ഇൻ-എയ്ഡും, കേന്ദ്ര സർക്കാർ നേരിട്ട് വിതരണം ചെയ്യുന്ന വിവിധ ഗ്രാന്റുകളും ചേർന്നതാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ രണ്ട് പ്രധാന ഘടകങ്ങൾ. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 280 പ്രകാരം രാഷ്ട്രപതി നിയമിക്കുന്ന ധനകാര്യ കമ്മീഷനുകളാണ് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള നികുതി വിഭജനത്തെ കുറിച്ചുള്ള ശിപാർശകൾ നടത്തുന്നത്. ഭരണഘടനയിലെ ആർട്ടിക്കിൾ 270 അനുസരിച്ചാണ് സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നത്.

പതിനാറാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ പ്രകാരം, കേന്ദ്ര സർക്കാർ പിരിച്ചെടുക്കുന്ന നികുതിയിൽ നിന്നും സംസ്ഥാനങ്ങൾക്ക് പങ്കുവച്ച് നൽകേണ്ട വിഹിതം 41 ശതമാനമാണ്. ഈ വിഹിതത്തെ 100 ശതമാനമായി ഗണിച്ച്, അതിന്റെ 2.382 ശതമാനമാണ് കേരളത്തിന് ലഭ്യമാകേണ്ടത്. ഇതേ വിഹിതം പതിനാലാം ധനകാര്യ കമ്മീഷന്റെ കാലയളവിലും പതിനഞ്ചാം ധനകാര്യ കമ്മിഷന്റെ കാലയളവിലും യഥാക്രമം 2.5 ശതമാനവും 1.925 ശതമാനവുമായിരുന്നു.

കേന്ദ്ര ചരക്കു സേവന നികുതി (CGST), കോർപ്പറേറ്റ് നികുതി, ആദായ നികുതി, കേന്ദ്ര എക്സൈസ് തീരുവ എന്നിവയാണ് കേന്ദ്ര നികുതി വിഹിതത്തിലെ പ്രധാന ഇനങ്ങൾ. ഭരണഘടനയിലെ ആർട്ടിക്കിൾ 275 പ്രകാരം ഗ്രാന്റ്-ഇൻ-എയ്ഡും ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യുന്നു. നികുതി കൈമാറ്റമാണ് കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ ഉപാധിരഹിത ഘടകം. കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള മറ്റ് ഘടകങ്ങൾ ഉപാധികളോടെ അനുവദിക്കുന്ന ഗ്രാന്റുകളായി കണക്കാക്കപ്പെടുന്നു.

## 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ പ്രതീക്ഷിക്കുന്ന കേന്ദ്ര നികുതി വിഹിതം



# 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ പ്രതീക്ഷിക്കുന്ന കേന്ദ്ര ധന സഹായം



# വിവിധ മേഖലകളിൽ വകയിരുത്തിയിരിക്കുന്ന റവന്യു ചെലവുകളുടെ വിശദാംശം



## 2026-27 ലെ പുതുക്കിയ ബജറ്റിൽ വിഭാവനം ചെയ്യുന്ന മൂലധന ചെലവുകൾ

₹ കോടിയിൽ

| | |
|---|---|
| പൊതു സാമ്പത്തിക സർവ്വീസുകൾ | 5756.26 |
| റോഡുകളും പാലങ്ങളും | 3697.47 |
| ഗ്രാമവികസനം | 2584.20 |
| ഗതാഗതം | 988.61 |
| വ്യവസായം | 916.77 |
| ശുദ്ധജലവിതരണവും ശുചീകരണവും | 860.54 |
| വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 762.20 |
| മറ്റ് മൂലധന അടങ്കൽ | 4151.66 |
| **ആകെ മൂലധന അടങ്കൽ** | **19717.71** |
| വായ്പകളും മുൻകൂറുകളും | 2847.88 |

# 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ വാർഷിക പദ്ധതി ചെലവ്



# 2026-27 ലെ പുതുക്കിയ സംസ്ഥാന പദ്ധതി

| | | സേവന മേഖല | സംസ്ഥാന പദ്ധതി അടങ്കൽ (₹ കോടിയിൽ) | ശതമാനം |
|---|---|---|---|---|
| I |  | കൃഷിയും അനുബന്ധ സേവനങ്ങളും | 1534.98 | **5.05%** |
| II |  | ഗ്രാമ വികസനം | 2138.80 | **7.04%** |
| III |  | സഹകരണം | 114.44 | **0.38%** |
| IV |  | ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും | 559.39 | **1.84%** |
| V |  | ഊർജ്ജം | 1284.75 | **4.23%** |
| VI |  | വ്യവസായവും ധാതുക്കളും | 1558.08 | **5.13%** |
| VII |  | ഗതാഗതവും വാർത്താവിനിമയവും | 1904.19 | **6.27%** |
| VIII |  | ശാസ്ത്രീയ സേവനങ്ങളും ഗവേഷണവും | 227.20 | **0.75%** |
| IX |  | സാമൂഹ്യവും സാമൂഹ്യസേവനപരവുമായ സർവ്വീസുകൾ | 10114.92 | **33.31%** |
| X |  | സാമ്പത്തിക സേവനങ്ങൾ | 1971.13 | **6.49%** |
| XI |  | പൊതു സേവനങ്ങൾ | 146.67 | **0.48%** |
| XII | LSGD | തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ പ്രാദേശിക ആസൂത്രണ പരിപാടികൾ | 8815.45 | **29.03%** |
| | | **ആകെ സംസ്ഥന പദ്ധതി അടങ്കൽ** | **30370** | **100.00%** |

# സർക്കാരിന്റെ കണക്കിനങ്ങൾ 2026-27 ലെ പുതുക്കിയ ബജറ്റിൽ



## 2026-27 സാമ്പത്തിക വർഷം ഒരു രൂപ എങ്ങനെയാണ് സമാഹരിക്കപ്പെടുന്നത്




## 2026-27 സാമ്പത്തിക വർഷം ഒരു രൂപ എങ്ങനെയാണ് ചെലവഴിക്കപ്പെടുന്നത്



## ധന സൂചകങ്ങൾ സംസ്ഥാന മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ ശതമാനത്തിൽ

| ക്ര. നം | ധന സൂചകം | കണക്കുകൾ 2024-25 | ബജറ്റ് എസ്റ്റിമേറ്റ് 2025-26 | പുതുക്കിയ എസ്റ്റിമേറ്റ് 2025-26 | പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് 2026-27 |
|---|---|---|---|---|---|
| എ | **റവന്യു കമ്മി** ജി.എസ്.ഡി.പി.യുടെ ശതമാനത്തിൽ | 2.49 | 1.90 | 2.58 | 2.17 |
| ബി | **ധന കമ്മി** ജി.എസ്.ഡി.പി.യുടെ ശതമാനത്തിൽ | 3.86 | 3.16 | 3.78 | 3.46 |
| സി | **പ്രാഥമിക കമ്മി** ജി.എസ്.ഡി.പി.യുടെ ശതമാനത്തിൽ | 1.53 | 0.93 | 1.55 | 1.35 |
| ഡി | **സംസ്ഥാനത്തിന്റെ ആകെ കട ബാധ്യത** ജി.എസ്.ഡി.പി.യുടെ ശതമാനത്തിൽ | 34.87 | 33.77 | 34.26 | 33.44 |



# ബജറ്റ് ഒറ്റനോട്ടത്തിൽ

| | | 2024-25 കണക്കുകൾ | 2025-26 ബജറ്റ് എസ്റ്റിമേറ്റ് | 2025-26 പുതുക്കിയ എസ്റ്റിമേറ്റ് | 2026-27 പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് |
|---|---|---|---|---|---|
| | | | | | *(തുക കോടിയിൽ)* |
| **എ** | **റവന്യൂ വരവുകൾ** | **124861.07** | **152351.67** | **137082.61** | **169646.37** |
| 1 | സംസ്ഥാനത്തിന്റെ തനത് നികുതി വരവ് | 76642.19 | 91514.75 | 83730.96 | 99002.47 |
| 2 | സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരവ് | 16486.62 | 19145.53 | 18760.72 | 21355.77 |
| 3 | കേന്ദ്ര നികുതി വിഹിതം | 24772.38 | 28616.50 | 27382.06 | 37355.39 |
| 4 | കേന്ദ്ര ധനസഹായം | 6959.87 | 13074.90 | 7208.87 | 11932.74 |
| **ബി** | **മൂലധന വരവുകൾ** | **48946.50** | **46230.73** | **55372.99** | **57920.89** |
| 1 | വായ്പകളുടെ വസൂലാക്കൽ | 667.16 | 1125.91 | 1385.34 | 1449.23 |
| 2 | മറ്റ് വരവുകൾ | 31.20 | 66.30 | 38.15 | 66.30 |
| 3 | കടമെടുപ്പും മറ്റ് ബാധ്യതകളും | 48248.14 | 45038.52 | 53949.50 | 56405.36 |
| (i) | പൊതു കടം (തനി) | 42025.88 | 40848.21 | 49908.80 | 52364.13 |
| (ii) | പൊതു കണക്കിനം (തനി) | 5605.16 | 4150.00 | 4000.00 | 4000.00 |
| (iii) | ഡ്രോ ഡൗൺ ക്യാഷ് ബാലൻസ് | 617.10 | 40.31 | 40.70 | 41.23 |
| സി | **ആകെ വരവുകൾ [എ+ബി]** | **173807.57** | **198582.40** | **192455.60** | **227567.26** |
| **ഡി** | **ആകെ ചെലവുകൾ** | **173807.57** | **198582.40** | **192455.60** | **227567.26** |
| 1 | റവന്യൂ | 155920.79 | 179476.20 | 173971.80 | 205001.67 |
| | ഇതിൽ, | | | | |
| | (i) പലിശ കൊടുക്കൽ | 29138.23 | 31823.72 | 31816.01 | 34376.02 |
| 2 | മൂലധന ചെലവ് | 17886.78 | 19106.21 | 18483.80 | 22565.59 |
| (i) | മൂലധന അടങ്കൽ | 15082.41 | 16938.10 | 15670.22 | 19717.71 |
| (ii) | വായ്പകളും മുൻകൂറുകളും വിതരണം | 2804.36 | 2168.11 | 2813.58 | 2847.88 |
| **ഇ** | **റവന്യൂ കമ്മി [ഡി(1)-എ]** | **31059.72** | **27124.52** | **36889.19** | **35355.30** |
| **എഫ്** | **ധന കമ്മി [ ഡി -(എ+ബി(1)+ബി(2))]** | **48248.14** | **45038.52** | **53949.50** | **56405.36** |
| **ജി** | **പ്രാഥമിക കമ്മി [എഫ്-ഡി(1 (i)]** | **19109.90** | **13214.80** | **22133.49** | **22029.34** |
| **എച്ച്** | **സംസ്ഥാനത്തിന്റെ ആകെ കട ബാധ്യത** | **435313.65** | **481997.62** | **488910.46** | **545818.52** |
| | ഇതിൽ , | | | | |
| | i. പൊതു കടം | 310015.87 | 349444.24 | 359924.68 | 412288.81 |
| | ii. ലഘു സമ്പാദ്യങ്ങൾ പ്രോവിഡന്റ് ഫണ്ട്,ട്രഷറി ഡിപ്പോസിറ്റുകൾ മുതലായവ | 125297.78 | 132553.39 | 128985.78 | 133529.72 |
| **ഐ** | സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനം (ജി.എസ്.ഡി.പി ) | 1248533.01 | 1427145.23 | 1427145.23 | 1629072.51 |

## 2026-27 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിലെ പ്രധാനപ്പെട്ട പദ്ധതി-പദ്ധതിയേതര ചെലവുകളിലേക്ക് ഒരു എത്തിനോട്ടം.

- 16-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം റവന്യൂ കമ്മി ഗ്രാന്റ് നിർത്തലാക്കിയതിനാലും പ്രതീക്ഷിത കേന്ദ്ര നികുതി വിഹിതത്തിൽ കുറവുണ്ടാകുന്നതിനാലും 2026-27 സാമ്പത്തിക വർഷത്തെ ആദ്യ ബജറ്റിൽ പ്രതീക്ഷിച്ചിരുന്ന കേന്ദ്ര വിഹിത കൈമാറ്റത്തിന്റെ മതിപ്പു കണക്കിൽ ഏകദേശം 20500 കോടി രൂപയുടെ കുറവ് പ്രതിഫലിക്കും. വിഭവലഭ്യതയിൽ ഉണ്ടായ ഈ കുറവ് മറികടക്കുന്നതിനായി സംസ്ഥാനത്തിന്റെ തനതു നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും, പദ്ധതി-പദ്ധതിയേതര ചെലവുകൾ യുക്തിസഹമാക്കിക്കൊണ്ടും വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുമുള്ള ബജറ്റ്.
- 2026-27 സാമ്പത്തിക വർഷത്തെ ആദ്യ ബജറ്റിൽ മതിപ്പു കണക്കാക്കിയിരുന്ന കേന്ദ്ര വിഹിത കൈമാറ്റത്തിൽ ഗണ്യമായ കുറവ് പ്രതിഫലിക്കുന്നതിനാൽ പ്രസ്തുത ബജറ്റിൽ വകയിരുത്തിയിരുന്ന സംസ്ഥാന പദ്ധതി വിഹിതമായ 35750 കോടി രൂപയും, കേന്ദ്ര ആവിഷ്കൃത പദ്ധതികളുൾപ്പെടുന്ന ആകെ പദ്ധതി വിഹിതമായ 44574.66 കോടി രൂപയും ആകെ ബജറ്റ് ചെലവായ 239907.14 കോടി രൂപയും യഥാക്രമം **30370 കോടി രൂപയും 39170.49 കോടി രൂപയും 227567.26 കോടി രൂപയുമായി പുന:ക്രമീകരിച്ചും യുക്തിസഹമാക്കികൊണ്ടുമുള്ള ബജറ്റ്.**
- സംസ്ഥാനത്തിന്റെ തനതു നികുതി-നികുതിയേതര വരുമാനത്തിൽ 2026-27 ലെ ആദ്യ ബജറ്റിനേക്കാൾ **6000 കോടി രൂപ അധിക സമാഹരണം ലക്ഷ്യമിടുന്നു.**
- വികേന്ദ്രീകരണത്തോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിച്ചുക്കൊണ്ട് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കായി മാറ്റി വയ്ക്കപ്പെടുന്ന തുകയിൽ നിന്നും 2025-26 ലെ താൽക്കാലിക കണക്കുകൾ പ്രകാരം ചെലവഴിച്ച 12143.61 കോടി രൂപയേക്കാൾ 4224.29 കോടി രൂപ അധികമായി വകയിരുത്തിക്കൊണ്ട് **16367.90 കോടി രൂപ.**
- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വയോധികർ, അഗതികൾ, വിധവകൾ, 50 വയസ്സ് പിന്നിട്ട അവിവാഹിതകൾ എന്നിവരുൾപ്പെടെയുള്ളവർക്ക് **സാമൂഹ്യ സുരക്ഷാ പെൻഷനായി 14500 കോടി രൂപ.**

- **ഇന്ദിര ഗ്യാരണ്ടിയുടെ** ഭാഗമായി കെ.എസ്.ആർ.ടി.സി. ബസുകളിൽ സ്ത്രീകൾക്കും, ട്രാൻസ്ജെൻഡറുകൾക്കും സൗജന്യ യാത്ര അനുവദിക്കുന്ന **പ്രിയദർശിനി പദ്ധതിയ്ക്കായി 600 കോടി രൂപ.**
- **ആശ വർക്കർമാരുടെ ഓണറേറിയത്തിന് 329.20 കോടി രൂപ.** ഇത് 2026-27 ലെ ആദ്യ ബജറ്റിനേക്കാൾ 78.40 കോടി രൂപ അധിക വിഹിതമാണ്.
- **അങ്കണവാടി ജീവനക്കാരുടെ ഓണറേറിയത്തിന് 995.47 കോടി രൂപ,** ഇത് 2026-27 ലെ ആദ്യ ബജറ്റിനേക്കാൾ 66.20 കോടി രൂപ അധിക വിഹിതമാണ്.
- **വനം-വന്യജീവി സംഘർഷം ലഘൂകരണത്തിനും, വന്യജീവികളുടെ ആക്രമണത്തിനു ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരത്തിനുമായി 192.20 കോടി രൂപ.** ഇത് 2026-27 ആദ്യ ബജറ്റിനേക്കാൾ 90 കോടി രൂപ കൂടുതലാണ്.
- പുതുതായി രൂപീകരിച്ച **വയോജന ക്ഷേമ വകുപ്പിന്റെ** അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി **10 കോടി രൂപ.**
- ജനസംഖ്യയുടെ 18.70 ശതമാനമുള്ള **വയോജനങ്ങൾക്കായി ബജറ്റ് എസ്റ്റിമേറ്റിന്റെ 20.17 ശതമാനം** വിഹിതം.
- കേരളത്തിന്റെ തീരദേശം, വിവിധ ജലസ്രോതസ്സുകൾ, അന്തർദേശീയ വിമാനത്താവളങ്ങൾ തുടങ്ങിയ സാധ്യതകൾ സംയോജിപ്പിച്ച് കേരളത്തെ ലോക മാരിടൈം ഭൂപടത്തിൽ വൻ ശക്തിയായി ഉയർത്തുന്നതിനുള്ള **മിഷൻ സമുദ്ര പദ്ധതിക്കു** കീഴിൽ **പോർട്ട് സിറ്റിയ്ക്കായി 400 കോടി രൂപയും അന്തർദേശീയ മാരിടൈം മ്യൂസിയത്തിനായി 50 കോടി രൂപയും.**
- അന്താരാഷ്ട്ര നിലവാരമുള്ള വിമാനത്താവളങ്ങളെ കേന്ദ്രീകരിച്ച് കേരളത്തെ ഏഷ്യയിലെ പ്രധാന വ്യോമയാന ലോജിസ്റ്റിക് ഹബ്ബായി വികസിപ്പിച്ചുക്കൊണ്ടുള്ള **ഏവിയേഷൻ ഹബ്ബിനായി 200 കോടി രൂപ.**
- സമകാലിക അക്കാദമിക് പ്രോഗ്രാമുകൾ, അത്യാധുനിക ഗവേഷണ പാർക്കുകൾ, മികവിന്റെ കേന്ദ്രങ്ങൾ എന്നിവ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ലോകോത്തര ഉന്നത വിദ്യാഭ്യാസ കേന്ദ്രം എന്ന ആശയം ജ്വലിപ്പിക്കുന്ന **കേരള നോളേജ് വാലിക്കായി 100 കോടി രൂപ.**
- ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ സേവനങ്ങൾ പ്രധാനം ചെയ്യുക, മെഡിക്കൽ വിദ്യാഭ്യാസവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക, മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കുക,

എന്നിവ ലക്ഷ്യമിട്ടുകൊണ്ടുള്ള **കേരള ഹെൽത്ത് ആന്റ് ലൈഫ് സയൻസ് സിറ്റിയ്ക്കായി 100 കോടി രൂപ.**

- **റെയർ എർത്ത് മിനറൽസ് ആന്റ് ക്രിട്ടിക്കൽ മിനറൽസ് കോറിഡോർ എന്ന പദ്ധതിക്കായി 100 കോടി രൂപ.**
- **അർബൻ ഗ്രോത്ത് മിഷനായി 100 കോടി രൂപ.**
- **ജെ. സി. ഡാനിയേൽ ഇന്റർനാഷണൽ ഫിലിം സിറ്റി - ചിത്രനഗരം** സ്ഥാപിക്കുന്നതിനായി **100 കോടി രൂപ.**
- സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ഊന്നൽ നൽകുന്ന **കേരള എം.എസ്.എം.ഇ ഗ്രോത്ത് സ്കീം** (Kerala MSME Growth Scheme) എന്ന പദ്ധതിക്കായി **100 കോടി രൂപ.**
- **പുനരുപയോഗ-ഹരിത ഊർജ്ജങ്ങളുടെ പ്രോത്സാഹനത്തിനായി 100 കോടി രൂപ.**
- **മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന വികസന സൗകര്യങ്ങൾ** മെച്ചപ്പെടുത്തുന്നതിനായി 2026-27 ലെ വാർഷിക പദ്ധതിയിൽ വിഭാവനം ചെയ്തതിനേക്കാൾ **100 കോടി രൂപ അധിക വിഹിതം.**
- മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പരിഷ്കരിച്ചും പുനർനാമകരണം ചെയ്തും കേന്ദ്ര സർക്കാർ ആവിഷ്കരിച്ചിട്ടുള്ള **വികസിത് ഭാരത് - ഗ്യാരണ്ടി ഫോർ റോസ്ഗാർ ആന്റ് ആജീവിക മിഷൻ (ഗ്രാമീൺ)** എന്ന പദ്ധതിയ്ക്കുവേണ്ടി 2090.96 കോടി രൂപ 40% സംസ്ഥാന വിഹിതമായി നീക്കിവയ്ക്കേണ്ടതുണ്ട്. ആദ്യ ഘട്ടമെന്ന നിലയിൽ ഇതിനായി 1422.60 കോടി രൂപ വകയിരുത്തുന്നു. ഇത് 2026-27 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് സംസ്ഥാന വിഹിതമായി നീക്കിവച്ച 1230.09 കോടി രൂപയേക്കാൾ **192.51 കോടി രൂപ കൂടുതലാണ്.**
- സംസ്ഥാന സർക്കാർ ഗ്യാരണ്ടി നൽകിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ വായ്പാ തിരിച്ചടവ് മുടങ്ങുന്ന സാഹചര്യത്തിൽ ഉണ്ടാകാവുന്ന സാമ്പത്തിക ബാധ്യതകൾ നേരിടുന്നതിനായി രൂപീകരിച്ച **ഗ്യാരണ്ടി റിഡംപ്ഷൻ ഫണ്ടിലേക്കായി 2000 കോടി രൂപ.**
- സാങ്കേതിക പരിജ്ഞാനമുള്ള യുവജനങ്ങളുടെ സേവനം സംസ്ഥാനത്തിന് പ്രയോജനപ്പെടുത്തുന്നതിനും തൊഴിൽ തേടിയുള്ള കുടിയേറ്റം തടയുന്നതിനും ലക്ഷ്യമിട്ടുക്കൊണ്ട് ഐ.ഐ.ടി മദ്രാസ് റിസർച്ച് പാർക്ക് മാതൃകയിലുള്ള **റിസർച്ച് പാർക്കിനായി 60 കോടി രൂപ.**
- **എം. ടി. വാസുദേവൻ നായർ കൾച്ചറൽ പാർക്കിനായി 50 കോടി രൂപ.**

- വയനാട് ട്രൈബൽ യൂണിവേഴ്സിറ്റിക്കും, തദ്ദേശീയ വിജ്ഞാന മേഖലക്കുമായി 50 കോടി രൂപ.
- ജെൻ Z & ന്യൂജൻ ടെക്നോളജി മേഖലയുടെ വികസനത്തിനു വേണ്ടി 50 കോടി രൂപ.
- മലബാർ മേഖലയിൽ അന്തർ ദേശീയ നിലവാരമുള്ള ഫുട്ബോൾ സ്റ്റേഡിയത്തിനായി 50 കോടി രൂപ.
- സതേൺ കേരള ഇക്കണോമിക് കോറിഡോർ (Southern Kerala Economic Corridor) നായി 50 കോടി രൂപ.
- ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് ടെംബറിനായി 25 കോടി രൂപ.
- കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോകളുടെ പ്രാരംഭ ചെലവുകൾക്കായി 20 കോടി രൂപ.
- മൊബൈൽ ടെസ്റ്റ് ലാബ് പ്രാവർത്തികമാക്കാൻ 20 കോടി രൂപ.
- പൈതൃക സ്മാരകങ്ങളുടെ സംരക്ഷണവും, പരിസ്ഥിതി സൗഹൃദ വിനോദ സഞ്ചാര പ്രോത്സാഹനവും ലക്ഷ്യമിട്ടുകൊണ്ടുള്ളതും ഹെറിട്ടേജ് സ്പൈസ് റൂട്ട്, റിവർ ക്രൂയിസ് ഹെറിട്ടേജ് പദ്ധതികളെ സംയോജിപ്പിച്ചുക്കൊണ്ടുള്ള **മുസിരിസ് ടൂറിസം പ്രോജക്റ്റിനായി 19 കോടി രൂപ.**
- ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനുമായുള്ള **കേരള ഡിസാസ്റ്റർ റസിലിയൻസ് പ്രോഗ്രാമിനായി 15 കോടി രൂപ.**
- സ്കൂൾ പാചകത്തൊഴിലാളികളുടെ ഓണറേറിയത്തിനായി 13.30 കോടി രൂപ അധികമായി വകയിരുത്തുന്നു.
- പുതുതലമുറയുടെ സ്റ്റാർട്ട് അപ് സംരഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള **ഇൻക്യൂബേഷൻ സെന്ററുകൾക്കായി 10 കോടി രൂപ.**
- ജവഹർലാൽ നെഹ്റു സെന്റർ ഫോർ സയന്റിഫിക് സിറ്റിയ്ക്കായി 10 കോടി രൂപ
- ഓപ്പറേഷൻ തൂഫാനു വേണ്ടി 10 കോടി രൂപ.
- തേക്കിൻകാട് മൈതാനത്തിന്റെ നവീകരണത്തിനായി 10 കോടി രൂപ
- ഗ്ലോബൽ ഫർണിച്ചർ ഹബ്ബിനും, ഗ്ലോബൽ ഗോൾഡ് ഹബ്ബിനുമായി 10 കോടി രൂപ വീതം.
- ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയ്ക്കായി 10 കോടി രൂപ.

- സാറ്റലൈറ്റ് ടെക്നോളജിക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള **സ്പെയ്സ് ഇക്കോണമിക്കായി 5 കോടി രൂപ.**
- **ജോൺസൺ മ്യൂസിക് അക്കാദമിക്കായി 5 കോടി രൂപ.**
- **പ്രീ-പ്രൈമറി അദ്ധ്യാപകരുടേയും, ആയമാരുടേയും വേതനത്തിനായി 4.72 കോടി രൂപ അധികമായി വകയിരുത്തുന്നു.**
- **കൃഷി-സഖി വനിത കർഷക വികസന പരിപാടി** എന്ന പദ്ധതിയ്ക്കായി **3.50 കോടി രൂപ.**
- ആഗോള സമ്പദ് വ്യവസ്ഥയ്ക്കനുസൃതമായി കേരളത്തിലെ യുവജനങ്ങളെ സജ്ജരാക്കുകയും, വിദ്യാഭ്യാസ നൈപുണ്യ വികസന സംവിധാനങ്ങൾ ഭാവിയിലെ തൊഴിലവസരങ്ങളുമായി കൂടുതൽ യോജിപ്പിക്കുകയും ചെയ്യുന്നതിനായുള്ള **ഗ്ലോബൽ ജോബ് വാച്ച് ടവറിനായി 2 കോടി രൂപ.**
- **പാചകകല ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി 2 കോടി രൂപ.**
- **കേരള സ്കൂൾ ഓഫ് പ്ലാനിംഗ്, ആർക്കിടെക്ചർ & ഡിസൈനുവേണ്ടി 2 കോടി രൂപ.**
- **റബ്ബറിന്റെ താങ്ങു വില നിലവിലെ 200 രൂപയിൽ നിന്നും 250 രൂപയായി വർദ്ധിപ്പിക്കുന്നു.**
- **പൊതുമരാമത്ത് വകുപ്പിനായി 5952.29 കോടി രൂപ,** ഇത് 2026-27 ലെ ആദ്യ ബജറ്റിനേക്കാൾ **278.33 കോടി രൂപ കൂടുതലാണ്.**
- **കെ.എസ്.ആർ.ടി.സി യ്ക്കായി 1748.72 കോടി രൂപ,** ഇത് 2026-27 ലെ ആദ്യ ബജറ്റിനേക്കാൾ **563 കോടി രൂപ കൂടുതലാണ്.**
- **പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്കായി** പദ്ധതി-പദ്ധതിയേതരയിനങ്ങളിൽ 4054.38 കോടി രൂപ. ഇത് 2026-27 ലെ ആദ്യ ബജറ്റിനേക്കാൾ **279.66 കോടി രൂപ കൂടുതലാണ്.**
- **പട്ടികജാതി ഉപപദ്ധതിക്കായി** സംസ്ഥാന വാർഷിക പദ്ധതി വിഹിതമായ 2979.32 കോടി രൂപയ്ക്കുപരിയായി **527.68 കോടി രൂപ കൂടി വകയിരുത്തുന്നു.**
- **പട്ടികവർഗ്ഗ ഉപപദ്ധതിക്കായി** സംസ്ഥാന വാർഷിക പദ്ധതി വിഹിതമായ 859.48 കോടി രൂപയ്ക്കുപരിയായി **152.52 കോടി രൂപ കൂടി വകയിരുത്തുന്നു.**
- **ന്യൂനപക്ഷ ക്ഷേമത്തിനായി** സംസ്ഥാന പദ്ധതിയിനത്തിൽ 2025-26 ലെ താൽക്കാലിക കണക്കുകൾ പ്രകാരം ചെലവഴിച്ച 46.62 കോടി രൂപയേക്കാൾ 31.29 കോടി രൂപ അധികമായി വകയിരുത്തിക്കൊണ്ട് **77.91 കോടി രൂപ.**

- മത്സ്യബന്ധന മേഖലയ്ക്കായി സംസ്ഥാന വാർഷിക പദ്ധതി വിഹിതമായ 200.93 കോടി രൂപയ്ക്കുപരിയായി **50 കോടി രൂപ കൂടി വകയിരുത്തുന്നു.**
- **മുന്നാക്കവിഭാഗ ക്ഷേമത്തിന്** സംസ്ഥാന പദ്ധതിയിനത്തിൽ 2025-26 ലെ താൽക്കാലിക കണക്കുകൾ പ്രകാരം ചെലവഴിച്ച 13.85 കോടി രൂപയേക്കാൾ 17.44 കോടി രൂപ അധികമായി വകയിരുത്തിക്കൊണ്ട് **31.29 കോടി രൂപ.**
- **കാർഷിക മേഖലയ്ക്കായി** 2025-26 ലെ താൽക്കാലിക കണക്കുകൾ പ്രകാരം പദ്ധതി-പദ്ധതിയേതരയിനങ്ങളിൽ ചെലവഴിച്ച 2638.79 കോടി രൂപയേക്കാൾ 818.35 കോടി രൂപ അധികമായി വകയിരുത്തിക്കൊണ്ട് **3457.14 കോടി രൂപ.**
- **നെല്ല് ഉത്പാദനത്തിനായി** 2025-26 ലെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതിയിനത്തിൽ ചെലവഴിച്ച 32.76 കോടി രൂപയേക്കാൾ 50.84 കോടി രൂപ അധികമായി വകയിരുത്തിക്കൊണ്ട് **83.60 കോടി രൂപ.**
- **വിളപരിപാലനത്തിനായി** 2025-26 ലെ പ്രാരംഭ കണക്കുകൾ പ്രകാരം പദ്ധതി- പദ്ധതിയേതരയിനങ്ങളിൽ ചെലവഴിച്ച 1286.75 കോടി രൂപയേക്കാൾ 142.90 കോടി രൂപ അധികമായി വകയിരുത്തിക്കൊണ്ട് **1429.65 കോടി രൂപ.**
- **സമഗ്ര പച്ചക്കറി വികസനത്തിനായി** 2025-26 ലെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതിയിനത്തിൽ ചെലവഴിച്ച 38.46 കോടി രൂപയേക്കാൾ 14.99 കോടി രൂപ അധികമായി വകയിരുത്തിക്കൊണ്ട് **53.45 കോടി രൂപ.**
- **കാർഷികോത്പന്ന വിപണനത്തിനായി** 2025-26 ലെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതിയിനത്തിൽ ചെലവഴിച്ച 21.95 കോടി രൂപയേക്കാൾ 13.87 കോടി രൂപ അധികമായി വകയിരുത്തിക്കൊണ്ട് **35.82 കോടി രൂപ.**
- **മണ്ണിനും ജലസംരക്ഷണത്തിനുമായി** 2025-26 ലെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതി-പദ്ധതിയേതരയിനങ്ങളിൽ ചെലവഴിച്ച 144.72 കോടി രൂപയേക്കാൾ 39 കോടി രൂപ കൂടുതലായി നീക്കിവച്ചുകൊണ്ട് **183.72 കോടി രൂപ.**
- **നാളികേര വികസനത്തിനായി** 2025-26 ലെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതിയിനത്തിൽ വിനിയോഗിച്ച 33.39 കോടി രൂപയേക്കാൾ 29.61 കോടി രൂപ കൂടുതലായി നീക്കിവച്ചുകൊണ്ട് **63 കോടി രൂപ.**

- **ക്ഷീര വികസന മേഖലയ്ക്കായി** പ്രാഥമിക കണക്കുകൾ പ്രകാരം 2025-26 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ വിനിയോഗിച്ച 52.97 കോടി രൂപയുടെ ഇരട്ടിയോളം വിഹിതമായ **102.88 കോടി രൂപ**
- **ഇടുക്കി, കാസറഗോഡ്, വയനാട് വികസന പാക്കേജുകൾക്കായി** സംസ്ഥാന പദ്ധതിയിനത്തിൽ **62.60 കോടി രൂപ** വീതം. ഇത് 2025-26 ലെ പ്രാരംഭ കണക്കുകളേക്കാൾ ഇരട്ടിയോളമാണ്.
- **കുട്ടനാട് പാക്കേജിനായി 59.12 കോടി രൂപ.**
- **ജലസേചനത്തിനും, വെള്ളപ്പൊക്ക നിയന്ത്രണത്തിനും, തീരപരിപാലനത്തിനുമായി** 2025-26 ലെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതിയിനത്തിൽ വിനിയോഗിച്ച 455.87 കോടി രൂപയേക്കാൾ 103.52 കോടി രൂപ കൂടുതലായി നീക്കിവച്ചുക്കൊണ്ട് **559.39 കോടി രൂപ.**
- **വിദ്യാഭ്യാസ മേഖലയ്ക്കായി** 2025-26 ലെ താൽക്കാലിക കണക്കുകൾ പ്രകാരം പദ്ധതി-പദ്ധതിയേതരയിനങ്ങളിൽ ചെലവഴിച്ച 25304.28 കോടി രൂപയേക്കാൾ 4346.87 കോടി രൂപ അധികമായി വകയിരുത്തിക്കൊണ്ട് **29651.15 കോടി രൂപ.**
- **വൈദ്യസഹായരംഗവും, പൊതുജനാരോഗ്യവും മേഖലയ്ക്കായി** പ്രാഥമിക കണക്കുകൾ പ്രകാരം 2025-26 സാമ്പത്തിക വർഷം പദ്ധതി-പദ്ധതിയേതരയിനത്തിൽ വിനിയോഗിച്ച 11897.51 കോടി രൂപയേക്കാൾ 184.20 കോടി രൂപ അധികമായി വകയിരുത്തികൊണ്ട് **12081.71 കോടി രൂപ**
- **വ്യവസായ മേഖലയ്ക്കായി** 2025-26 ലെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതി-പദ്ധതിയേതരയിനത്തിൽ വിനിയോഗിച്ച 1334.07 കോടി രൂപയേക്കാൾ 809.77 കോടി രൂപ കൂടുതലായി നീക്കിവച്ചുക്കൊണ്ട് **2143.84 കോടി രൂപ.**
- **വ്യവസായവും ധാതുക്കളും** എന്ന മേഖലയ്ക്കായി 2025-26 ലെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതിയിനത്തിൽ വിനിയോഗിച്ച 1110.53 കോടി രൂപയേക്കാൾ 447.55 കോടി രൂപ കൂടുതലായി നീക്കിവച്ചുക്കൊണ്ട് **1558.08 കോടി രൂപ.**
- ഇടത്തരവും വലുതുമായ വ്യവസായ മേഖലയ്ക്കായി 2025-26 ലെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതിയിനത്തിൽ വിനിയോഗിച്ച 277.67 കോടി രൂപയേക്കാൾ 392.30 കോടി രൂപ കൂടുതലായി നീക്കിവച്ചുക്കൊണ്ട് **669.97 കോടി രൂപ.**
- **കൈത്തറി, യന്ത്രത്തറി വ്യവസായങ്ങൾക്ക്** 2025-26 ലെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാന

പദ്ധതിയിനത്തിൽ ചെലവഴിച്ച 28.66 കോടി രൂപയേക്കാൾ 19.84 കോടി രൂപ അധികമായി വകയിരുത്തിക്കൊണ്ട് **48.50 കോടി രൂപ.**

- **ഖാദി വ്യവസായങ്ങൾക്ക്** 2025-26 ലെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതിയിനത്തിൽ ചെലവഴിച്ച 16.70 കോടി രൂപയേക്കാൾ 7.00 കോടി രൂപ അധികമായി വകയിരുത്തിക്കൊണ്ട് **16.70 കോടി രൂപ.**
- **കയർ വ്യവസായത്തിനായി** 2025-26 ലെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതിയിനത്തിൽ ചെലവഴിച്ച 55.55 കോടി രൂപയേക്കാൾ 52.09 കോടി രൂപ അധികമായി വകയിരുത്തിക്കൊണ്ട് **107.64 കോടി രൂപ.**
- **കെ.എസ്.ഐ.ഡി.സി. യ്ക്കായി** 2025-26 ലെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതിയിനത്തിൽ ചെലവഴിച്ച 58.34 കോടി രൂപയേക്കാൾ 54.84 കോടി രൂപ അധികമായി വകയിരുത്തിക്കൊണ്ട് **113.18 കോടി രൂപ.**
- കിൻഫ്രയ്ക്കായി 2025-26 ലെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതിയിനത്തിൽ ചെലവഴിച്ച 104.85 കോടി രൂപയേക്കാൾ 179.96 കോടി രൂപ അധികമായി വകയിരുത്തിക്കൊണ്ട് **284.81 കോടി രൂപ.**
- **ഭക്ഷ്യ മേഖലയ്ക്കായി** 2025-26 ലെ പ്രാരംഭ കണക്കുകൾ പ്രകാരം പദ്ധതി-പദ്ധതിയേതരയിനത്തിൽ വിനിയോഗിച്ച 2039.60 കോടി രൂപയേക്കാൾ 273.89 കോടി രൂപ കൂടുതലായി നീക്കിവച്ചുക്കൊണ്ട് **2313.49 കോടി രൂപ.**
- **വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്കായി** കൺസ്യൂമർഫെഡിന് 2025-26 ലെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതിയേതരയിനത്തിൽ വിനിയോഗിച്ച 25.13 കോടി രൂപയേക്കാൾ 49.87 കോടി രൂപ കൂടുതലായി നീക്കിവച്ചുക്കൊണ്ട് **75 കോടി രൂപ.**
- **സഹകരണ മേഖലയ്ക്കായി** 2025-26 ലെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതിയിനത്തിൽ വിനിയോഗിച്ച 29.68 കോടി രൂപയേക്കാൾ 49.85 കോടി രൂപ കൂടുതലായി നീക്കിവച്ചുക്കൊണ്ട് **79.53 കോടി രൂപ.**
- **വിവരസാങ്കേതിക മേഖലയ്ക്കായി** 2025-26 ലെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതിയിനത്തിൽ വിനിയോഗിച്ച 173.70 കോടി രൂപയേക്കാൾ 260.70 കോടി രൂപ കൂടുതലായി നീക്കിവച്ചുക്കൊണ്ട് **434.40 കോടി രൂപ.**

- **ഡിജിറ്റൽ സർവ്വകലാശാലയ്ക്കായി** 2025-26 ലെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതിയിനത്തിൽ ചെലവഴിച്ച 6.82 കോടി രൂപയേക്കാൾ 15.05 കോടി രൂപ അധികമായി വകയിരുത്തിക്കൊണ്ട് **21.87 കോടി രൂപ.**
- **സ്പെയ്സ് പാർക്കിനായി** 2025-26 ലെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതിയിനത്തിൽ ചെലവഴിച്ച 4.59 കോടി രൂപയേക്കാൾ 42.17 കോടി രൂപ അധികമായി വകയിരുത്തിക്കൊണ്ട് **46.76 കോടി രൂപ.**
- **ശബരിമല മാസ്റ്റർ പ്ലാനിനായി** 2025-26 ലെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാന പദ്ധതിയിനത്തിൽ വിനിയോഗിച്ച 2.42 കോടി രൂപയേക്കാൾ 21.08 കോടി രൂപ കൂടുതലായി നീക്കിവച്ചുക്കൊണ്ട് **23.5 കോടി രൂപ.**
- **സ്ത്രീ സുരക്ഷാ പദ്ധതിയ്ക്കായി 1950 കോടി രൂപ**
- **കണക്റ്റ് ടു വർക്ക് പദ്ധതിയ്ക്കായി 131.59 കോടി രൂപ**

# പദപരിചയം

| | |
|---|---|
| **റവന്യു വരവ്** | സംസ്ഥാന സർക്കാരിന്റെ തനത് നികുതി-നികുതിയേതര വരവും,കേന്ദ്ര സർക്കാരിൽ നിന്നുള്ള നികുതി വിഹിതവും സഹായ ധനവും ഉൾപ്പെടുന്നതാണ് സംസ്ഥാന സർക്കാരിന്റെ ആകെ റവന്യു വരവ്. |
| **നികുതി വരവ്** | സർക്കാരിന് ലഭ്യമാകുന്ന റവന്യു വരുമാനത്തിന്റെ പ്രഥമവും പ്രധാനവുമായ സ്രോതസ്സാണ് നികുതി. സർക്കാരിന് നിർബന്ധമായും ഒടുക്കേണ്ടതും എന്നാൽ നികുതിദായകന് നേരിട്ട് ഗുണഫലങ്ങൾ പ്രതീക്ഷിക്കാൻ കഴിയാത്തതുമാണ് നികുതി. സർക്കാർ പിരിച്ചെടുക്കുന്ന ഈ നികുതികൾ പൊതുക്ഷേമ സേവനങ്ങളുടെ രൂപത്തിൽ എല്ലാവർക്കും പൊതുവായ ആനുകൂല്യങ്ങൾ നൽകാനാണ് ഉപയോഗിക്കുന്നത്. |
| **നികുതിയേതര വരവ്** | നികുതി ഒഴികെയുള്ള സ്രോതസ്സുകളിൽ നിന്ന് സർക്കാരിന് ലഭിക്കുന്ന റവന്യു വരവാണ് നികുതിയേതര വരവ്. |
| **മൂലധന വരവ്** | മൂലധന വരവിനെ പ്രധാനമായും 'കടബാധ്യത സൃഷ്ടിക്കുന്നവയെന്നും'കടബാധ്യത സൃഷ്ടിക്കാത്തവയെന്നും' രണ്ടായി തരം തിരിക്കാം. ധന കമ്മി നികത്തുവാൻ സർക്കാർ എടുക്കുന്ന വിവിധ വായ്പകളും , സർക്കാർ സ്വീകരിക്കുന്ന നിക്ഷേപങ്ങളും കടബാധ്യത സൃഷ്ടിക്കുന്ന ഗണത്തിൽപ്പെടുന്നു. സർക്കാർ നൽകുന്ന വായ്പകളുടെ വസൂലാക്കലും,സർക്കാർ അധീനതയിലുള്ള ഓഹരികളുടെ വിറ്റഴിക്കലിലൂടെ സമാഹരിക്കപ്പെടുന്ന വരവുകളും കടബാധ്യത സൃഷ്ടിക്കാത്ത ഗണത്തിൽ ഉൾപ്പെടുന്നു. |
| **കടമെടുപ്പും മറ്റ് ബാധ്യതകളും** | പൊതു വിപണിയിൽ നിന്നുള്ള വായ്പകളും റിസർവ്വ് ബാങ്ക് ഇന്ത്യയിൽ നിന്നുള്ള മുൻകൂറുകളും ഉൾപ്പെടുന്ന സംസ്ഥാന സർക്കാരിന്റെ ആഭ്യന്തര കടവും, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകളും മുൻകൂറുകളും ചേരുന്നതാണ് പൊതു കടം. ലഘു സമ്പാദ്യങ്ങൾ പ്രൊവിഡന്റ് ഫണ്ട്, ട്രഷറി സേവിങ്ങ്സ് ഡിപ്പോസിറ്റുകൾ, റിസർവ്വ് ഫണ്ടുകൾ മുതലായവ അടങ്ങുന്ന പൊതു കണക്കിനത്തിലെ നീക്കിയിരുപ്പാണ് മറ്റ് ബാധ്യതകളിൽ ഉൾപ്പെടുന്നത് . |

| | |
|---|---|
